തിരുമുല്പാട് ഫൗണ്ടേഷൻ

# വൈദ്യസംവാദം

ഡിസംബർ 2021 - മാർച്ച് 2022
(സംയുക്തലക്കം)



വൈദ്യഭൂഷണം
കെ. രാഘവൻ തിരുമുല്പാട് ഫൗണ്ടേഷൻ
ഫോർ ആയുർവേദിക് സ്റ്റഡീസ്

# ഗുണങ്ങൾ, ഭൂതങ്ങൾ, ദോഷങ്ങൾ

കെ. രാഘവൻ തിരുമുല്പാട്

ആയുർവേദത്തിൽ വിഷയങ്ങളെ വ്യാഖ്യാനിക്കുന്നതിന്ന് സഹായകങ്ങളായ സാങ്കേതികങ്ങളായ ശബ്ദങ്ങളിൽ മൂന്നെണ്ണമാണ് ഗുണം, ഭൂതം, ദോഷം എന്നിവ. സാങ്കേതികശബ്ദങ്ങളുടെ താല്പര്യത്തെക്കുറിച്ച് നികൃഷ്ടമായ ബോധമുണ്ടായാലേ ശാസ്ത്രത്തിന്റെ താല്പര്യത്തെക്കുറിച്ച് ബോധമുണ്ടാവുകയുള്ളൂ. അതിപരിചയം നിമിത്തം, എന്താണ് വിശേഷിച്ചു പറയാനുള്ളത് എന്ന നിലയിൽ പ്രയോഗിച്ചു പോരുക മൂലം പലപ്പോഴും വേണ്ടപോലെ ആലോചിക്കാത്തതുകൊണ്ട് അവയുടെ ഉദ്ദേശ്യം കൃത്യമായി ധരിക്കുന്നില്ലയോ എന്ന് തോന്നിപ്പോകുന്നു. നിദാനത്തിലും ചികിത്സിതത്തിലും മനസ്സിരുത്തുകയും, കണ്ടു പരിചയിക്കുകയും കൊണ്ടു ചികിത്സിക്കാറായി എന്നുവരാം. എന്നാൽ ശാസ്ത്രീയമായി വിഷയങ്ങളെ പ്രതിപാദിക്കുന്നതിന്ന് അതുമാത്രം മതിയാവുകയില്ല. ആയുർവേദത്തിലെ സാങ്കേതികശബ്ദങ്ങളെ തെരഞ്ഞെടുത്തു അവയുടെ അർത്ഥം പറയുന്ന ഒരു കോശം (നിഘണ്ടു) ഉണ്ടാകേണ്ടത് ആവശ്യമാണ്. മറ്റുഭാഷകളിൽ അങ്ങനെ ഒരു ശ്രമം നടന്നിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. മലയാളത്തിൽ അങ്ങനെ ഒന്നറിവില്ല. മറ്റു ഭാഷകളിൽ നടന്നിട്ടുണ്ടാകാവുന്ന പഠനങ്ങളേയും പരിശോധിച്ചും സ്വന്തമായി ആലോചിച്ചും അത്തരത്തിലുള്ള ഒരു ഗ്രന്ഥം നിർമ്മിക്കുന്നതിന്നുള്ള പ്രവർത്തനം തികച്ചും പ്രയോജനകരമാണ്. ഗുണം, ഭൂതം, ദോഷം എന്ന മൂന്നു ശബ്ദങ്ങളുടെ താല്പര്യത്തെ പരിചയപ്പെടുത്തുന്നതിനുള്ള ശ്രമമാണ് ഈ ലേഖനം.

## ഗുണം

രണ്ടുതരത്തിലുള്ള ഗുണങ്ങളാണ് ആയുർവേദത്തിൽ പറയപ്പെട്ടിട്ടുള്ളത്. ഗുരു, മന്ദം, ഹിമം, സ്നിഗ്ദ്ധം, ശ്ലക്ഷ്ണം, സാന്ദ്രം, മൃദു, സ്ഥിരം, സൂക്ഷ്മം, വിശദം എന്നിവയും ഇവയുടെ വിപരീതങ്ങളായ ലഘു, തീക്ഷ്ണം, ഉഷ്ണം, രൂക്ഷം, പരുഷം, ദ്രവം, കഠിനം, ചലം, സ്ഥൂലം, പിച്ഛിലം എന്നിവയും കൂടിയ ഇരുപതു ഗുണങ്ങളെ ഗുർവ്വാദികൾ എന്നു പറയുന്നു. ഇവ ദ്രവ്യനിഷ്ഠങ്ങളാണ്. ദ്രവ്യത്തിന്റെ ഭൗതി

കമായ ഘടനയുടെ വൈചിത്ര്യംകൊണ്ടാണ്, അതതിന്നൊത്ത ഗുണങ്ങൾ ഉണ്ടാകുന്നത്. *കർമ്മഭിസ്ത്വനുമീയന്തേ നാനാദ്രവ്യാശ്രയാഃ ഗുണാഃ.* അതതു ദ്രവ്യത്തിന്റെ ഉപയോഗംകൊണ്ട് അനുഭവപ്പെടുന്ന കർമ്മങ്ങളിൽനിന്ന് അതതിന്റെ ഗുണങ്ങളെ അനുമിക്കണമെന്നാണ് സിദ്ധാന്തം. ദ്രവ്യം ശരീരത്തിൽ ഉളവാക്കുന്ന ഭാവങ്ങളേയും ഭാവഭേദങ്ങളേയുമാണ് കർമ്മങ്ങൾ എന്നുപറയുന്നത്. ഓരോ ദ്രവ്യത്തിന്റെ ഗുണങ്ങളെ പറഞ്ഞിരിക്കുന്നതിൽനിന്ന് ശരീരത്തിൽ അതിന്നവിധത്തിൽ പ്രവർത്തിക്കുമെന്നു മനസ്സിലാക്കാൻ കഴിയും. അത്തരം പ്രവർത്തനത്തെ ഉദ്ദേശിക്കുമ്പോൾ അത്തരം ദ്രവ്യത്തെ ഉപയോഗിക്കണമെന്നു സാമാന്യമായി പറയാം. വിശിഷ്ടമായ കർമ്മത്തെ ഉദ്ദേശിച്ച് ദ്രവ്യങ്ങളെ യോജിപ്പിച്ചും സംസ്ക്കരിച്ചും ഉപയോഗിക്കുന്നു.

## സത്വം, രജസ്സ്, തമസ്സ്

സത്വം രജസ്സ തമസ്സ എന്നിവയാണ് മറ്റൊരുവിധത്തിൽ പറയപ്പെട്ടിട്ടുള്ള ഗുണങ്ങൾ. സാംഖ്യയോഗപ്രസിദ്ധങ്ങളായ ഈ മൂന്നു ഗുണങ്ങളെ മനസ്സിനോടു ബന്ധിപ്പിച്ചാണ് പറഞ്ഞിരിക്കുന്നത്. ഈ മൂന്നു ഗുണങ്ങളിൽ രജസ്സിനേയും തമസ്സിനേയും ദോഷങ്ങൾ എന്നും പറയുന്നു. ആ രണ്ടു ഗുണങ്ങളുടെ വൈഷമ്യം മനോരോഗങ്ങൾക്കു കാരണമാവുകകൊണ്ടാണ് അവയെ ദോഷങ്ങൾ എന്നു പറയുന്നത്. സത്വം ഒരിയ്ക്കലും രോഗകാരണമാവുകയില്ല. സത്വം വിവേകത്തിന്നും സമാധാനത്തിന്നും ആശ്രയമാണ്. രജസ്സ് ഉത്സാഹത്തിന്നും പ്രവൃത്തിക്കും, തമസ്സ് ഉദാസീനതയ്ക്കും നിവൃത്തിക്കും ആശ്രയമാകുന്നു. ജീവിതത്തിൽ പ്രവൃത്തിയും നിവൃത്തിയും ആവശ്യമാകയാൽ, രജസ്സിനേയും തമസ്സിനേയും ഒഴിവാക്കിക്കൊണ്ട്, സത്വം മാത്രമായി ഒരവസ്ഥ ഉണ്ടാകാൻ നിവൃത്തിയില്ല. പരിശ്രമവും വിശ്രമവും ജീവിതത്തിൽ ആവശ്യമാണല്ലോ. അവ വിവേകത്തിന്നധീനമായിരിക്കണമെന്നുമാത്രം. രജസ്സും തമസ്സും സത്വത്തിന് അധീനമായിരിക്കുമ്പോൾ മാനസികമായ ആരോഗ്യം അനുഭവപ്പെടുന്നു. വർധിച്ചു സത്വത്തെ ധിക്കരിക്കുമ്പോൾ, അനിയന്ത്രിതമായിരിക്കുമ്പോൾ, അവ രോഗത്തെ ഉണ്ടാക്കുന്നു. ഉറക്കം തമോഗുണത്തിന്റെ സ്വഭാവമാണ്. അപ്പോൾ മനസ്സും ഇന്ദ്രിയങ്ങളുമെല്ലാം വിശ്രമിക്കുകയാണല്ലോ. അതുകൊണ്ട് പരിശ്രമംകൊണ്ടുള്ള ശരീരത്തിന്റെ ക്ഷീണവും തീരുന്നു. രജസ്സും തമസ്സും പരസ്പരം നിയന്ത്രിച്ചും, സത്വത്തിന്നു വിധേയമായും പ്രവർത്തിക്കുമ്പോൾ മാനസികമായ ആരോഗ്യം അനുഭവപ്പെടുന്നു. എല്ലാ രോഗങ്ങൾക്കും മൂലകാരണമെന്നു പറയപ്പെടുന്ന പ്രജ്ഞാപരാധം, സത്വത്താൽ നിയന്ത്രിതമാകാതെയുള്ള

രജസ്തമസ്സുകളുടെ സ്ഥിതിയാണ്. ധീധൃതിസ്മൃതിവിഭ്രഷ്ടമായ ജീവിതത്തിന്ന്, അഹിതങ്ങളായ ആചാരവിചാരങ്ങൾക്കും ആഹാരവിഹാരങ്ങൾക്കും പ്രജ്ഞാപരാധം കാരണമാകയാൽ, മാനസികമായ ആരോഗ്യത്തെ ആശ്രയിച്ചാണ് ശാരീരികമായ ആരോഗ്യവും സാമാന്യമായിരിക്കുന്നതെന്നു പറയാം.

ഗുർവ്വാദിഗുണങ്ങളെ അപേക്ഷിച്ചു സത്വരജസ്തമസ്സുകൾക്കു ഒരു വ്യത്യാസമുണ്ട്. ഗുർവ്വാദിഗുണങ്ങൾ ദ്രവ്യത്തിന്റെ ഘടനയെ ആശ്രയിച്ചിരിക്കുന്നവയാണല്ലോ. ഘടനയനുസരിച്ചു ദ്രവ്യത്തിനുണ്ടാവുന്ന സ്വഭാവത്തെയാണ് ഗുർവ്വാദികൾ കുറിക്കുന്നത്. എന്നാൽ സത്വവും രജസ്സും തമസ്സും അങ്ങനെ മനോനിഷ്ഠങ്ങളല്ല. അവ മനസ്സിന്റെ ഘടകങ്ങൾ തന്നെയാണ്. സത്വം, രജസ്സ്, തമസ്സ് എന്നിവ സാംഖ്യപ്രകാരം, പ്രകൃതിയുടെ ഘടകങ്ങളാണല്ലോ. അവയെ ഗുണങ്ങൾ എന്നു പറയുന്നത് അവയവങ്ങൾ എന്ന നിലയ്ക്കാണ്. ഗുണം എന്നതിന്നു വന്നുകൂടുന്ന അർത്ഥം പ്രാധാന്യം കുറഞ്ഞത് എന്നാണ്. 'ദ്രവ്യമേവ രസാദീനാം ശ്രേഷ്ഠം' എന്നുണ്ടല്ലോ. എന്തിനെ ആശ്രയിച്ചിരിയ്ക്കുന്നുവോ അതിന്ന്, എന്താശ്രയിച്ചിരിക്കുന്നുവോ അതിനേക്കാൾ പ്രാധാന്യമുണ്ടാവണം. അതുപോലെ, എന്തിന്റെ അവയവങ്ങളോ അതിന്ന്, അവയവങ്ങളെ അപേക്ഷിച്ചു പ്രാധാന്യമുണ്ടാകണം. അതുകൊണ്ട് പ്രകൃതിക്കു പ്രധാനം എന്നൊരു പര്യായം തന്നെയുണ്ട്. പരിണാമംകൊണ്ടു ദ്രവ്യങ്ങളായിത്തീരുന്ന പ്രകൃതി അഥവാ പ്രധാനം ദ്രവ്യംതന്നെയാണ്. അതുപോലെ ആഹാരത്തിന്റെ സൂക്ഷ്മമായ അംശത്തിൽനിന്ന് രൂപം പ്രാപിക്കുന്ന മനസ്സും ദ്രവ്യം തന്നെ. വൈശേഷികശാസ്ത്രവും മനസ്സിനെ ദ്രവ്യങ്ങളുടെ കൂട്ടത്തിലാണ് ഗണിച്ചിട്ടുള്ളത്. ദ്രവ്യങ്ങളെ ഗീതയിലും മറ്റും സാത്വികം, രാജസം, താമസം എന്നു തിരിച്ചിട്ടുള്ളത്, ആഹാരമായും മറ്റും ഉപയോഗിക്കുമ്പോൾ, പരിണാമത്തിന്റെ അവസാനത്തിൽ സൂക്ഷ്മഭാവംകൊണ്ട് ഏതു ഗുണത്തെ പോഷിപ്പിക്കുന്നു എന്നൂഹിച്ചിട്ടാണ്. മധുരദ്രവ്യം സാമാന്യമായി സത്വഗുണത്തെപ്പോഷിപ്പിക്കുന്നു. താരതമ്യം അനുസരിച്ചു ഇതരഗുണങ്ങളും വേണം. അതുകൊണ്ടാണ് ആഹാരം 'ഷഡ്രസം മധുരപ്രായം' എന്നു വിധിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ ആയുർവേദത്തിൽ ദ്രവ്യങ്ങളുടെ ഗുണങ്ങളെ പറഞ്ഞിരിക്കുമ്പോൾ, രാജസം, താമസം, സാത്വികം എന്നുപറഞ്ഞു കാണാത്തതു ശ്രദ്ധേയമാണ്. അതിന്നു കാരണം, ശരീരത്തിന്റെ ആരോഗ്യത്തേയും രോഗത്തേയും പ്രധാനമാക്കി, ദോഷങ്ങളുടെ സാമ്യത്തേയും വൈഷമ്യത്തേയും പ്രധാനമാക്കിയാണ് ആയുർവേദത്തിൽ ദ്രവ്യങ്ങൾ വിവരിക്കപ്പെട്ടിരിക്കുന്നത് എന്നതാണ്. പ്രഭാവംകൊണ്ട് മേധ

യേയും ബുദ്ധിയേയും സ്മൃതിയേയും വർധിപ്പിക്കുന്ന ദ്രവ്യങ്ങളെപ്പറ ഞ്ഞിരിക്കുന്നതും ശ്രദ്ധേയമാകുന്നു. മൗലികമായ സ്വഭാവവും പെരു മാറ്റവും മനസ്സിനെ ആശ്രയിച്ചാണിരിക്കുന്നത്. അവയ്ക്കു കാരണമാ കുന്നവയാണ് സത്വരജസ്തമസ്സുകൾ എന്നു പ്രായോഗികമായി പറ യാം. ദ്രവ്യങ്ങളുടെ ഗുണദോഷങ്ങളെ നിർണ്ണയിക്കുന്നതിന്ന് ഗുർവ്വാ ദികളായ ഗുണങ്ങളും പ്രയോജനപ്പെടുന്നു.

### ഭൂതം

അഞ്ച് ഇന്ദ്രിയങ്ങളിൽക്കൂടിയാണല്ലോ നാം പ്രപഞ്ചവുമായി ബന്ധ പ്പെടുന്നത്. ഓരോ ഇന്ദ്രിയത്തിനും ഗ്രഹിക്കാവുന്നതായി വിശേഷിച്ച് ഓരോ ഗുണമുണ്ട്. ശ്രോത്രം (ചെവി) ശബ്ദത്തേയും, ത്വക്ക് (തൊലി) സ്പർശത്തേയും, നേത്രം (കണ്ണ്) രൂപത്തേയും, രസന (നാക്ക്) രസ ത്തേയും, ഘ്രാണം(മൂക്ക്) ഗന്ധത്തേയും അറിയുന്നു. അതതിന്ദ്രിയം അതതു പേരുള്ള അവയവത്തിലിരിക്കുന്നു. ഈ ഓരോ ഗുണത്തിന്നും അധിഷ്ഠാനമായി സങ്കല്പിക്കപ്പെടുന്ന ദ്രവ്യമാണ് ഭൂതം. അങ്ങനെ അഞ്ച് ഭൂതങ്ങൾ അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഭൂതങ്ങളുടെ സൂക്ഷ്മ മായ അവസ്ഥയെ തന്മാത്രങ്ങൾ എന്നു പറയുന്നു. തന്മാത്രാവസ്ഥ യിൽ ഭൂതം ഇന്ദ്രിയഗ്രാഹ്യമല്ല. ഭൂതതന്മാത്രങ്ങൾ കലർന്നു മഹാഭൂത ങ്ങളുണ്ടാവുന്നു. മഹാഭൂതങ്ങളിൽ പകുതി കണ്ട് ഏതെങ്കിലും ഒരു ഭൂതവും അരയ്ക്കാൽ ഭാഗം വീതം മറ്റു നാലു ഭൂതങ്ങളും എന്നാണ് സങ്കല്പിക്കപ്പെട്ടിരിക്കുന്നത്. ഇങ്ങനെ ഭൂതങ്ങൾ മഹാഭൂതങ്ങളായി പരിണമിക്കുന്ന പ്രക്രിയയെ പഞ്ചീകരണം എന്നുപറയുന്നു. ഇങ്ങനെ യുണ്ടാവുന്ന മഹാഭൂതങ്ങൾ പലേ തോതിലും പലേ അടുക്കിലും കലർ ന്നാണ് ദ്രവ്യങ്ങൾ ഉണ്ടാകുന്നത്. ഇന്ദ്രിയഗോചരമായി ചുറ്റും കാണ പ്പെടുന്ന പദാർത്ഥങ്ങളെല്ലാം ദ്രവ്യങ്ങളാണ്. ഗുണങ്ങൾക്കാശ്രയമായ ഭൂതങ്ങളും ദ്രവ്യങ്ങൾ തന്നെ. ഭൂതങ്ങളെ കാരണദ്രവ്യങ്ങളെന്നും, അവ കലർന്നുണ്ടാവുന്നവയെ കാര്യദ്രവ്യങ്ങളെന്നും പറയുന്നു. ഓരോ ദ്രവ്യ ത്തിലുമുണ്ടാകുന്ന ഗുണവിശേഷങ്ങൾക്കെല്ലാം കാരണം, അവയുടെ നിഷ്പത്തിയിൽ കലരുന്നതായ ഭൂതങ്ങളുടെ അളവിന്റേയും അടുക്കിന്റേ യും വ്യത്യാസമാകുന്നുവെന്ന് കല്പിക്കപ്പെട്ടിരിക്കുന്നു. ശബ്ദഗുണത്തി ന്നാശ്രയമായ ഭൂതം ആകാശം, സ്പർശഗുണത്തിന്നാശ്രയമായ ഭൂതം വായു, രൂപഗുണത്തിന്നാശ്രയമായ ഭൂതം അഗ്നി, രസഗുണത്തിന്നാശ്ര യമായ ഭൂതം ജലം, ഗന്ധഗുണത്തിന്നാശ്രയമായ ഭൂതം ഭൂമി എന്നിങ്ങ നെയാണ് പഞ്ചഭൂതങ്ങളുടെ സ്ഥിതി. ഈ ഭൂതങ്ങൾ തന്നെ ഒന്നിനൊ ന്നു പരിണമിച്ചുണ്ടായതാണ് എന്നും സിദ്ധാന്തമുണ്ട്. ആകാശത്തിൽ

നിന്നു വായു, വായുവിൽനിന്നു അഗ്നി, അഗ്നിയിൽനിന്നു ജലം, ജലത്തിൽനിന്നു ഭൂമി എന്നിങ്ങനെ പരിണാമത്തിൽ പൂർവ്വഗുണത്തോടൊപ്പം വിശിഷ്ടമായ ഒരുഗുണം കൂടി ഉണ്ടാകുന്നു. ഇങ്ങനെ ഗുണങ്ങൾ വർധിക്കുകകൊണ്ടു സ്ഥൂലതയും ഏറുന്നു. ആകാശത്തിൽ ശബ്ദമെന്ന ഒരു ഗുണം മാത്രം, ക്രമത്തിൽ ഭൂമിയിൽ അതിന്റെ വിശേഷഗുണത്തോടൊപ്പം, സാമാന്യമായി മറ്റു നാലു ഗുണങ്ങളുമെന്നാണ് ആ സങ്കല്പം. ഇങ്ങനെ പരിണതങ്ങളായിത്തീരുന്ന ഭൂതങ്ങൾ മഹാഭൂതങ്ങളായ കാര്യ ദ്രവ്യങ്ങളായും പരിണമിക്കുന്നു. ഇന്ദ്രിയഗോചരമായി, ഭൂമിയും ജലവും അഗ്നിയും വായുവും ആകാശവും കാണപ്പെടുന്നതിന് കാരണം അവയിൽ കാരണരൂപത്തിൽ ആ പേരുള്ള ഭൂതം അധികമായിരിക്കുകകൊണ്ടാണ്. ആകാശത്തിൽ ശബ്ദമൊഴിച്ചുള്ള ഗുണങ്ങൾ വളരെ സൂക്ഷ്മമായിരിക്കുകയാലാണ്, ത്വക്ക് മുതലായ ഇന്ദ്രിയങ്ങൾകൊണ്ടതിനെ ഗ്രഹിക്കാൻ സാധാരണയായി കഴിയാത്തത്. ആകാശമെന്നതു കേവലം ശൂന്യമല്ല എന്നും ധരിക്കണം. പലവിധത്തിലുള്ള പാകങ്ങൾകൊണ്ടു കാര്യദ്രവ്യത്തിൽ രൂപം പ്രാപിക്കുന്നവയാണ് അതതിന്നൊത്ത ഗുണങ്ങളും ധർമ്മങ്ങളുമെല്ലാം. ആവശ്യം കഴിഞ്ഞാൽ, ദ്രവ്യങ്ങൾ ശിഥിലങ്ങളായി വീണ്ടും ഭൂതങ്ങളായിത്തീരുന്നു. അതിന്നു വിപരിണാമം എന്നു പറയുന്നു. ഇത്രയും പറഞ്ഞതിൽനിന്നു, അതതിന്റെ സ്വഭാവത്തിന്ന് കാരണമാകുന്ന ദ്രവ്യങ്ങളുടെ ഘടനാവിശേഷത്തെ മനസ്സിലാക്കുന്നതിന്നാണ് പഞ്ചഭൂതസിദ്ധാന്തം പ്രയോജനപ്പെടുന്നത് എന്നു മനസ്സിലാക്കാമല്ലോ. പഞ്ചഭൂതശരീരിസമവായമാണ് ഈ പ്രപഞ്ചമെന്നു സിദ്ധാന്തമുണ്ട്. പഞ്ചഭൂതങ്ങളും ആത്മാവുമാകുന്ന ആറു തത്വങ്ങൾ വേർപിരിയ്ക്കാൻ കഴിയാതെ കലർന്നിരിക്കുന്നത് എന്നു താല്പര്യം. ഘടകങ്ങൾ വേർപിരിഞ്ഞാൽ ദ്രവ്യംതന്നെ നശിക്കുന്നു എന്നു സമ വായം എന്ന സംബന്ധത്തെക്കുറിയ്ക്കുന്ന പദം സൂചിപ്പിക്കുന്നു. പഞ്ച ഭൂതങ്ങൾ ആത്മാവിന്റെ സാന്നിധ്യത്തിൽ, ആത്മാവിനെ കേന്ദ്രമാക്കിയാണ് സംഘടിയ്ക്കുന്നത്. ആത്മാവു വേർപിരിയുമ്പോൾ ഭൂതങ്ങൾ ശിഥിലങ്ങളായി ദ്രവ്യം നശിച്ചുപോകുന്നു. അതുകൊണ്ട് സർവ്വവ്യാപകമായി ആത്മാവ് എന്നൊരു വസ്തുവുണ്ട് എന്നു സങ്കല്പിക്കപ്പെടുന്നു. പ്രാപഞ്ചികങ്ങളായ ദ്രവ്യങ്ങളിൽ ഒന്നുമാത്രമാണ് മനുഷ്യൻ. ആത്മാവിന്റെ സാന്നിധ്യത്തിലാണല്ലോ മനുഷ്യന്റെ ശരീരം നിലനിൽക്കുന്നത്. മരണത്തിൽ, ആത്മാവു വേർപെടുമ്പോൾ, ശരീരം ശിഥിലമായി, വിഘടിതമായി അഞ്ചുഭൂതങ്ങളും അഞ്ചുഭൂതങ്ങളിൽ ലയിക്കുന്നു. അതുകൊണ്ട് മരണത്തിന്നു 'പഞ്ചത്വം പ്രാപിയ്ക്കൽ' എന്നൊരു വിവരണം തന്നെയുണ്ടായിരിയ്ക്കുന്നു. അതതു ഭൂതത്തിന്റെ ഗുണത്തെ

ഗ്രഹിക്കുന്ന ഇന്ദ്രിയവും അതതു ഭൂതത്താൽത്തന്നെ ഘടിതമാണെ ന്നാണ് സിദ്ധാന്തം.

## ദോഷങ്ങൾ

ശരീരത്തിന്റെ വളർച്ചയും നിലനിൽപ്പും, സദാ നടന്നുകൊണ്ടിരി ക്കുന്ന ചില പ്രക്രിയകളെ ആശ്രയിച്ചാണിരിയ്ക്കുന്നത്. ആഹാരം വേണ്ടവിധം പക്വമായി, സാരം വേർതിരിഞ്ഞ് അതിൽനിന്നു അതത ധാതുക്കൾ പുഷ്ടിപ്പെടുന്നതിന്നാവശ്യമായ അംശങ്ങൾ പാകവിശേഷ ങ്ങൾകൊണ്ടു പരിണമിച്ചാണ് ശരീരം നിലനിൽക്കുന്നതും വളരുന്ന തും. ഇങ്ങനെ നിരന്തരം പോഷണം ആവശ്യമാകത്തക്കവിധം ശരീര ഭാവങ്ങൾക്കു ക്ഷയവും സംഭവിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെ നിരന്ത രങ്ങളായ ക്ഷയത്തിന്നും പൂരണത്തിന്നും ആവശ്യമായ പ്രക്രിയകൾക്കു പുറമെ, അവയെ പൊരുത്തപ്പെടുത്തുകയും നിയന്ത്രിക്കുകയും ചെയ്യു ന്നതിന്നാവശ്യമായ ഒരു പ്രക്രിയകൂടി ശരീരത്തിൽ നടന്നുകൊണ്ടിരി ക്കുന്നു. ഈ മൂന്നുതരത്തിലുള്ള പ്രക്രിയകൾകൊണ്ട് ശാരീരങ്ങളായ എല്ലാ ധർമ്മങ്ങളും കർമ്മങ്ങളും നിർവ്വഹിയ്ക്കപ്പെടുന്നു. ഓരോ പ്രക്രി യയ്ക്കും സാധകമായി ഓരോ ദോഷം അംഗീകരിയ്ക്കപ്പെട്ടിരിക്കുന്നു. പചനത്തെ സാധിക്കുന്ന ദോഷത്തെ പിത്തമെന്നും പോഷണത്തെ സാധിക്കുന്ന ദോഷത്തെ കഫമെന്നും നിയന്ത്രണത്തെ സാധിക്കുന്ന ദോഷത്തെ വാതമെന്നും സാമാന്യമായി സാങ്കേതികമായി പറയുന്നു. പ്രക്രിയകളുടെ അവാന്തരങ്ങളായ ഭേദങ്ങളെ സാധിക്കുന്നവയായി ദോഷങ്ങൾക്കും അവാന്തരങ്ങളായ ഭേദങ്ങളെ സങ്കല്പിച്ചിട്ടുണ്ട്. ഇവയെ ദോഷങ്ങൾ എന്നു പറയുന്നത് ഒരു മുന്നറിയിപ്പ് എന്ന നില യ്ക്കാണ്. ആഹാരവിഹാരങ്ങളും ആചാരവിചാരങ്ങളും പരിതഃസ്ഥിതി കളും എല്ലാം അനുകൂലങ്ങളായിരിയ്ക്കുന്നേടത്തോളം കാലമേ ഇവ വഴിപോലെ വേണ്ടപോലെ പ്രവർത്തിയ്ക്കുകയുള്ളൂ. അപ്പോഴാണ് ആരോഗ്യം അനുഭവപ്പെടുക. അനുകൂലമായ സാഹചര്യത്തിൽ ആന്ത രങ്ങളായ പ്രക്രിയകൾ വേണ്ടവിധം നടക്കുന്ന അവസ്ഥയിൽ അനുഭ വപ്പെടുന്ന സ്വസ്ഥതയും സുഖവുമാണ് ആരോഗ്യമെന്ന് പറയപ്പെടു ന്നത്. ആഹാരവും വിഹാരവും ആചാരവും വിചാരവും പരിതഃസ്ഥിതി യുമെല്ലാം അഹിതമായി, സാഹചര്യം പ്രതികൂലമായിത്തീരുമ്പോൾ പ്രക്രിയകൾക്ക് വരുന്ന വ്യത്യാസം, അസ്വസ്ഥതയേയും ദുഃഖത്തേയും ഉണ്ടാക്കുന്നു. അതാണ് രോഗം. അപ്പോൾ ദോഷം ദുഷിച്ചിരിക്കുന്ന തായി സാങ്കേതികമായി പറയുന്നു. ദോഷം ദുഷിയ്ക്കുമ്പോൾ, പ്രക്രി യകൾക്ക് വൈകല്യം വന്ന് ശാരീരങ്ങളായ ഭാവങ്ങളെല്ലാം തന്നെ അപ്പപ്പോഴത്തെ സ്ഥിതിക്കനുസരിച്ചു ദുഷിക്കുന്നു. ദോഷങ്ങൾ അന്യോ

ന്യം സഹകരിച്ചും നിയന്ത്രിച്ചുമാണ് പ്രക്രിയകളെ നിർവ്വഹിക്കുന്നത്. അതുകൊണ്ട് സാഹചര്യവിശേഷംകൊണ്ട് ഒരു ദോഷം ദുഷിച്ചാൽ, അതു മറ്റു ദോഷങ്ങൾ ദുഷിക്കുന്നതിന്നും കാരണമാകും. ഇങ്ങിനെ ദോഷങ്ങളുടെ ദൂഷണസ്വഭാവത്തെ മുൻനിർത്തി, അശ്രദ്ധമായി, അഹിതമായി, അപഥ്യമായി ജീവിച്ചാൽ രോഗം വരുമെന്ന താല്പര്യത്തെ മുൻനിർത്തിയാണ് ദോഷം എന്ന സംജ്ഞ നൽകപ്പെട്ടിരിക്കുന്നത്. ദുഷിച്ചു ദുഷിപ്പിക്കാത്ത അവസ്ഥയിൽ എങ്ങനെ ആ സംജ്ഞയ്ക്കു അന്വർത്ഥതയുണ്ടാകുമെന്ന സംശയത്തിന്ന്, ചികിത്സിക്കുന്നതിന്ന് യോഗ്യതയുള്ളവനെ, തല്ക്കാലം ചികിത്സിക്കാതിരിക്കുന്ന സമയത്തും വൈദ്യനെന്നും, പാടാൻ അറിവും കഴിവുമുള്ളവനെ, പാടാതിരിക്കുന്ന സമയത്തും ഗായകനെന്നും പറയുന്നതുപോലെയാണെന്നു സമാധാനം നൽകപ്പെടുന്നു. ആന്തരങ്ങളായ പ്രക്രിയകൾ വേണ്ടവിധം നടക്കുന്ന അവസ്ഥയിൽ അനുഭവപ്പെടുന്ന ആരോഗ്യവും അല്ലാത്ത അവസ്ഥയിൽ അനുഭവപ്പെടുന്ന രോഗവുമെല്ലാം, അതാതിനൊത്ത ലക്ഷണങ്ങളെ ആവിഷ്കരിക്കുന്നു. ലക്ഷണങ്ങൾകൊണ്ട് ആന്തരങ്ങളായ പ്രക്രിയകളുടെ അവസ്ഥയേയും അവയെ നിയന്ത്രിക്കുന്ന ദോഷങ്ങളുടെ അവസ്ഥയേയും അറിയാൻ കഴിയും. ഇവ തമ്മിലുള്ള ബന്ധം സുനിയതമാകയാൽ, ലക്ഷണങ്ങളെ ദോഷങ്ങളോടു നേരിട്ടു ബന്ധപ്പെടുത്തിത്തന്നെ മനസ്സിലാക്കുകയും, ലക്ഷണങ്ങളുടെ വിശേഷങ്ങൾ കൊണ്ട് ദോഷങ്ങളുടെ വ്യത്യാസങ്ങളെ അറിഞ്ഞ്, കാരണമായ ആഹാരവിഹാരാദികളിൽ വന്നുപോയിട്ടുള്ള തരക്കേടുകളെ മനസ്സിലാക്കി, തെറ്റുകൾ തിരുത്തുന്നതിനും ഔഷധങ്ങൾ ഉപയോഗിക്കുന്നതിന്നും കഴിയും. അതിന്നാണ് ചികിത്സയെന്നു പറയുന്നത്. സ്വസ്ഥമായ അവസ്ഥയിലും, അസ്വസ്ഥമായ അവസ്ഥയിലും ദോഷങ്ങളുടെ കർമ്മങ്ങളേയും അവകൊണ്ടനുഭവപ്പെടുന്ന ലക്ഷണങ്ങളേയും നിരീക്ഷിച്ചറിഞ്ഞു ശാസ്ത്രങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയിരമോ അയ്യായിരമോ കൊല്ലങ്ങളായിട്ടും അനുഭവത്തിൽ അവയ്ക്ക് വ്യത്യാസം കാണുന്നില്ല. അങ്ങനെ അനാദിയെന്നപോലെയിരിക്കുന്ന സിദ്ധാന്തങ്ങൾ അനന്തങ്ങളും (എന്നെന്നും സാധുത്വമുള്ളവയും) ആകുമെന്ന് കരുതാവുന്നതാണ്. സ്വസ്ഥാവസ്ഥയിൽ ദോഷങ്ങളെ ധരിക്കുന്നവ (നിലനിർത്തുന്നവ) എന്ന അർത്ഥത്തിൽ ധാതുക്കൾ എന്നു പറയാറുണ്ട്. എന്നാൽ, ശരീരഘടകങ്ങളായ രസം മുതലായവയ്ക്കു ആ സംജ്ഞ സിദ്ധമാണ്. ദോഷം ദുഷിക്കുമ്പോൾ, ധാതുക്കളേയും മറ്റും മലിനമാക്കുകകൊണ്ടും, ശോധനം ചെയ്യത്തക്കവിധം ചില വസ്തുക്കൾ സഞ്ചയിക്കുകകൊണ്ടും ചിലപ്പോൾ ദോഷങ്ങളെ മലങ്ങളെന്നും പറഞ്ഞുകാണാം. എന്നാൽ

മൂത്രം, ശകൃത്ത് മുതലായവ നിയമേന മലങ്ങൾ എന്നു പറയപ്പെടുന്ന വയാണ്. അതുകൊണ്ട് വാതം, പിത്തം, കഫം എന്നിവയുടെ നിയത മായ സംജ്ഞ ദോഷങ്ങളെന്നാണ്. നിയന്ത്രണത്തിന്റെ പ്രാധാന്യ നിമിത്തം വാതത്തെ ഒന്നാമതായും, പോഷണം പാകത്തെ ആശ്രയി ച്ചിരിക്കുകൊണ്ട് പിത്തത്തെ രണ്ടാമതായും പരിണതമായ ഫലമായ പുഷ്ടിയെക്കുറിക്കുന്ന കഫത്തെ മൂന്നാമതായും പറയുകയാണ് ശാസ്ത്ര ത്തിലെ സമ്പ്രദായം.

ഗുണം, ഭൂതം, ദോഷം എന്നിവയെ ആയുർവേദശാസ്ത്രരീത്യ പ്രാഥമികമായി പരിചയപ്പെടുത്തുന്നതിന്നാണ് ഉദ്യമിച്ചത്. ത്രിഗുണ ങ്ങൾ (സത്വം, രജസ്സ്, തമസ്സ് എന്നിവ) പദാർത്ഥത്തിന്റെ മൗലികമായ സ്വഭാവത്തിന്ന് ആശ്രയമാകുന്നു. ഭൂതങ്ങൾകൊണ്ട് ഘടനയെ വ്യാഖ്യാ നിക്കുന്നു. ദോഷങ്ങൾ കർമ്മങ്ങൾക്ക് ആസ്പദമാകുന്നു. ഓരോ വിശേ ഷത്തെ വിശദീകരിയ്ക്കുന്നതിന്നു ഓരോന്നു പ്രയോജനപ്പെടുന്നുവെ ന്നല്ലാതെ, മൂന്നിനേയും കലർത്തി എങ്ങനെയെങ്കിലും വ്യാഖ്യാനി ക്കേണ്ട ആവശ്യമോ അതുകൊണ്ടു വിശിഷ്ടജ്ഞാനത്തിന് പ്രയോജ നമോ ഉണ്ടെന്നു പറഞ്ഞുകൂട. എല്ലാത്തിലും എല്ലാം ഉള്ളതുകൊണ്ട് ചില സമീകരണങ്ങൾക്ക് (Equations)- സാധ്യതയുണ്ടെന്നു മാത്രം, അത തിന്റെ വിഷയത്തെ മനസ്സിലാക്കുവാൻ അതതു പ്രയോജനപ്പെടുന്നു. മനുഷ്യശരീരത്തെക്കുറിച്ചു മാത്രമല്ല, പ്രപഞ്ചത്തിലുള്ള എല്ലാ വസ്തു ക്കളെക്കുറിച്ചും ഇതു ശരിയാകുന്നു. ജന്തുക്കളുടേയും വൃക്ഷങ്ങളുടേ യും മറ്റും വളർച്ചയും ആരോഗ്യവും രോഗവും എല്ലാം ത്രിദോഷസിദ്ധാ ന്തമനുസരിച്ചാണ് വ്യാഖ്യാനിക്കേണ്ടത്. എന്നാൽ അവയെ ആഹാര മായും ഔഷധമായും ഉപയോഗിക്കേണ്ടിവരുമ്പോൾ, അവയുടെ ഭൗതി കമായ ഘടനയനുസരിച്ച് അനുഭവപ്പെടുന്ന ഗുണങ്ങളേയും കർമ്മങ്ങ ളേയും അനുസരിച്ചു മനസ്സിലാക്കേണ്ടിയിരിക്കുന്നു. മനുഷ്യനെ സംബ ന്ധിച്ചു കർമ്മപരമായാണ് (Functional) പ്രാധാന്യേന അറിയേണ്ടിയിരി ക്കുന്നത്. രോഗവും ആരോഗ്യവും കർമ്മപരമായ വ്യത്യാസത്തെ ആണ ല്ലോ ആശ്രയിച്ചിരിക്കുന്നത്. ശരീരത്തെ സംബന്ധിച്ചു അവയവസന്നി വേശത്തെ പ്രധാനമാക്കിയുള്ള രചനാപരമായ ജ്ഞാനവും ആവശ്യ മാണ്, ശസ്ത്രകർമ്മത്തിനു പ്രത്യേകിച്ചും. ഭൗതികമായി ധാതുക്ക ളേയും മറ്റും വിവരിച്ചുകൂടെന്നില്ല. എന്നാൽ ചികിത്സയെ സംബന്ധിച്ച ദോഷജ്ഞാനംകൊണ്ടു സാധിക്കാവുന്നതിൽ കൂടുതൽ പ്രയോജനം അതുകൊണ്ടുണ്ടാവാനുണ്ടെന്ന് തോന്നുന്നില്ല. ചില ദിക്കിൽ ചില വിശേഷജ്ഞാനത്തിന്നു സഹായിച്ചുകൂട എന്നില്ല എന്നുമാത്രം.

(ആര്യവൈദ്യൻ)■